# കേരള സർവകലാശാല

നം. പി.ആർ.043/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കാലാവധി പൂർത്തിയാക്കി കേരള സർവകലാശാല വൈസ് ചാൻസലർ പടിയിറങ്ങുന്നു

ശാസ്ത്രീയമായ ഗവേഷണത്തിലൂടെ നൂതന വിജ്ഞാനം ഉരുത്തിരിക്കുന്ന 'സർവകലാശാലാ അദ്ധ്യാപകനാണ്' സർവകലാശാലയെന്നു കാലാവധി പൂർത്തിയാക്കുന്ന വൈസ് ചാൻസലർ പ്രൊഫ. പി.കെ. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു.

കേരള സർവകലാശാലയിൽ കഴിഞ്ഞ നാല് വർഷം നടന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ തനിക്ക് സംതൃപ്തി നൽകുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാലയളവിൽ അഞ്ചു കോടി രൂപ റൊക്കം പണമായി ലഭിച്ച പ്രഥമ ചാൻസലർ അവാർഡ്, ദേശീയ തലത്തിൽ നടന്ന റാങ്കിങ്ങിൽ സർവകലാശാലകൾ ഉൾപ്പെട്ട പട്ടികയിൽ 29-ാം സ്ഥാനം, അന്തർ ദേശീയ തലത്തിൽ ഇതംപ്രഥമമായി 800-1000 ബാൻഡിലുള്ള റാങ്കിംഗ്, ഏഷ്യൻ സർവകലാശാലയുടെ റാങ്കിംഗ് പട്ടികയിൽ 251-3000 ബാൻഡിൽ സ്ഥാനം തുടങ്ങി ദേശീയ അന്തർദേശീയ തലത്തിൽ മികവു നേടാനായി. ദേശീയ അക്രഡിറ്റേഷൻ ഏജൻസിയായ 'നാക്' 'എ' ഗ്രേഡാണ് കേരള സർവകലാശാലയ്ക്ക് നൽകിയത്.

ശാസ്ത്ര സാമൂഹിക ശാസ്ത്ര ഭാഷാ സാഹിത്യ വിഷയങ്ങളിൽ, സർവകലാശാലയിലെ അധ്യാപകർ പ്രസിദ്ധീകരിച്ച ഗവേഷണ പ്രബന്ധങ്ങൾക്ക് നിരവധി അംഗീകാരങ്ങൾ ലഭിച്ചു. അവയിൽ ലോക നിലവാരം പുലർത്തിയവ നിരന്തരമായി വിദേശ രാജ്യങ്ങളിലെ ഗവേഷകർ തങ്ങളുടെ പ്രബന്ധങ്ങളിൽ ഉദ്ധരിക്കുന്നുമുണ്ട്. ദേശീയതലത്തിൽ മനുഷ്യ വിഭവ വികസന മന്ത്രാലയം നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിൽ രാജ്യത്തെ മികച്ച 50 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്ന് എന്ന സ്ഥാനം നേടിയത് കൊണ്ട് ആയിരം കോടി രൂപയുടെ വിശേഷാൽ ധന പിന്തുണ യു.ജി.സിയിൽ നിന്ന് ലഭിക്കാനുള്ള അടിസ്ഥാന യോഗ്യത നേടാനും സർവകലാശാലയ്ക്കായി.

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, ഡോക്ടറൽതല ഗവേഷണം, എം.ഫിൽ ബിരുദ പഠനം, സർവകലാശാലകളിൽ മാസ്റ്റർതല പഠനം, യു.ജി.സി. 'സ്വയം', 'മൂക്' കോഴ്സുകൾ, ഗവേഷണ പ്രബന്ധചോരണം തടയൽ തുടങ്ങി നിരവധി ഇനങ്ങളിലെ ചട്ടങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ദേശീയ തലത്തിൽ യു.ജി.സി നിർദ്ദേശിച്ച കരടു ചട്ടങ്ങളുടെ അന്ത:സത്തക്ക് കോട്ടം തട്ടാതെയുള്ള ചട്ടങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വൻ എതിർപ്പുകളെ നേരിട്ട് വൈസ് ചാൻസലർ സാമൂഹിക പ്രതിബദ്ധതയോടെ നടപ്പിലാക്കിയ ഈ ചട്ടങ്ങളുടെ നിയമ സാധ്യത പല തവണ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായി. എല്ലാ സന്ദർഭങ്ങളിലും ചട്ടങ്ങളുടെ സാധ്യത ശരിവക്കപ്പെടുകയും നിലവിലുള്ള വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കാതെ സർവകലാശാല ഉചിതമായ നടപടികൾ കൈക്കൊണ്ടതിനെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

സർവകലാശാല അധ്യാപകർ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന നൂതന വിജ്ഞാനം ലോകം ആസകലം പ്രസരിക്കുമ്പോഴാണ്

സർവകലാശാലയുടെ യശസ്സ് വർദ്ധിക്കുന്നത്. എന്നാൽ ഏതാണ്ടു 40 ശതമാനത്തോളം അദ്ധ്യാപക തസ്തികകൾ ഏറെക്കാലമായി ഒഴിഞ്ഞു കിടക്കുകയാണ്. അടുത്തകാലത്ത് ഇത് സംബന്ധിച്ച് കോടതിയിൽ നിലവിലുണ്ടായിരുന്ന വ്യവഹാരങ്ങളിൽ തീർച്ചയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 105 ഒഴിവുകളിൽ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു. നിയമസഭയിൽ പാസ്സാക്കിയ സംവരണ വ്യവസ്ഥകൾ കൃത്യമായി പാലിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. നിയമന വിരോധികളായ ചിലർ ഇതിനെ മുൻനിർത്തി വൈസ് ചാൻസലർക്കെതിരെ നിരന്തരമായ ആക്ഷേപങ്ങൾ ഉയർത്തുന്നുണ്ട്. അതേസമയം വിവിധ വകുപ്പുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതോടെ സർവകലാശാലയുടെ യശസ്സ് പതിന്മടങ്ങ് വർദ്ധിക്കും എന്നതിൽ സംശയം ഇല്ല.

അഴിമതിക്കും സ്വജനപക്ഷപാതത്തിനും ഇട നൽകാതെ സർവകലാശാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായതിൽ പ്രൊഫ. പി.കെ. രാധാകൃഷ്ണന് അതീവ സന്തുഷ്ടിയുണ്ട്. അക്കാദമിക് താല്പര്യം മുൻനിർത്തിയുള്ള പിന്തുണ സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്നും ലഭിച്ചെങ്കിൽ സർവകലാശാലയുടെ കരുത്ത് കുറച്ചുകൂടി മെച്ചപ്പെടുത്താനായേനെ. യു. ജി.സി മോഡൽ ആക്ടിൽ വ്യവസ്ത ചെയ്തിട്ടുള്ള തരത്തിൽ സർവകലാശാല ഭരണ സമിതികളും അക്കാദമിക് സമിതികളും പുന:സംഘടിപ്പിക്കാനായാൽ അക്കാദമിക് നിലവാരം ഉയർത്താനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അക്കാദമിക് താൽപര്യമുള്ളവരെ സർവകലാശാല സമിതികളിലേക്ക് നിയോഗിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

## എം.എഫ്.എ പരീക്ഷ

മാർച്ച് 21-ന് ആരംഭിക്കുന്ന ഒന്നാംവർഷ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്ച്ചർ) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് അഞ്ച് 50 രൂപ പിഴയോടെ മാർച്ച് ഏഴ്, 125 രൂപ പിഴയോടെ മാർച്ച് ഒൻപത് വരെ ഫീസടച്ച് അപേക്ഷിക്കാം.വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ, 2017 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.വോക് ഫലം

2016 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.വോക് - ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഡിഗ്രി കോഴ്സിന്റെ (2016 അഡ്മിഷൻ - റഗുലർ, 2015 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, 2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന ദേശീയ സെമിനാർ

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം പഠന വകുപ്പ് ഫെബ്രുവരി 26 മുതൽ 28 വരെ ട്രൻന്റിംഗ് - ഡിസിപ്ലിനറി കൺവർജൻസ് ഓൺ മീഡിയ സ്റ്റഡീസ് എന്ന വിഷയത്തിൽ ത്രിദിന ദേശീയ സെമിനാർ

ബോട്ടണി പഠനവകുപ്പിന്റെ സെമിനാർ ഹാളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
22.02.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**